ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 11.06.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം എൻ.ഡി.എ മന്ത്രിസഭയിലെ കേന്ദ്രമന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു. രാജ്യരക്ഷാ മന്ത്രിയായി രാജ്നാഥ് സിങ്ങും ആഭ്യന്തരമന്ത്രിയായി അമിത് ഷായും തുടരും.**

   **Portfolios announced for new council of ministers of Third NDA Government under the leadership of Prime Minister Narendra Modi. Rajnath Singh will continue as Minister of Defence and Amit Shah as Home Minister.**

2. **കേന്ദ്രമന്ത്രിസഭയിൽ വാർത്താവിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രിയായി അശ്വിനി വൈഷ്ണവും സഹമന്ത്രിയായി എൽ മുരുകനും.**

   **Ashwini Vaishnav gets Information and Broadcasting Ministry and L Murugan Minister of State in the Ministry of Information and Broadcasting.**

3. **പ്രധാനമന്ത്രി ആവാസ് യോജനയിലൂടെ രാജ്യത്തെ മൂന്ന് കോടി ഭവനങ്ങൾക്ക് നിർമ്മാണ സഹായം നൽകാൻ മൂന്നാം എൻ.ഡി.എ സർക്കാരിന്റെ ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനം.**

   **Newly formed NDA Government clears proposal to construct three crore additional rural and urban households under Pradhan Mantri Awas Yojana in its first cabinet meeting.**

4. **ജൂൺ മാസത്തെ നികുതി ഇനത്തിൽ സംസ്ഥാനങ്ങൾക്ക് അധിക ഗഡുവായി ഒരു ലക്ഷത്തി 39,750 കോടി രൂപയുടെ കേന്ദ്രസഹായം. കേരളത്തിന് 2,690 കോടി രൂപ.**

   **The Centre has released rupees One lakh Thirty Nine thousand seven hundred and fifty crore rupees in tax devolution for states for the month of June. Kerala to get 2,690 crore rupees.**

5. **ഗസയിൽ സമ്പൂർണ്ണ വെടിനിർത്തലിനുള്ള പ്രമേയത്തിന് യു.എൻ രക്ഷാസമിതിയുടെ അംഗീകാരം.**

**The United Nation Security Council has approved a US proposed Israel-Gaza ceasefire plan.**

6. **സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യത. ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

**Possibility of strong winds and widespread rain in the state for the next four days. Fishing is prohibited today and tomorrow.**

==================

## UNION MINISTERS PORTFOLIO - (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലെ കേന്ദ്ര മന്ത്രിമാരുടെ വകുപ്പുകൾ പ്രഖ്യാപിച്ചു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത്ഷാ, നിർമ്മല സീതാരാമൻ, എസ് ജയ്ശങ്കർ, നിതിൻ ഗഡ്കരി, പീയൂഷ് ഗോയൽ, ധർമേന്ദ്ര പ്രധാൻ തുടങ്ങിയവരുടെ വകുപ്പുകൾ നിലനിർത്തി. അശ്വിനി വൈഷ്ണവിന് വാർത്താവിതരണ പ്രക്ഷേപണ വകുപ്പും ഇലക്ട്രോണിക്സ് ആന്റ് ഐ.ടി വകുപ്പിന്റെ ചുമതലയും നൽകി. റെയിൽവേ മന്ത്രാലയത്തിന്റെ ചുമതലയും അദ്ദേഹം നിലനിർത്തി.

**വിശദാംശങ്ങളിലേക്ക്......**

## - (VOICE....)

രാജ്നാഥ് സിംഗ് രാജ്യരക്ഷാ മന്ത്രിയായി തുടരും. അമിത് ഷായെ ആഭ്യന്തര മന്ത്രിയായും സഹകരണ മന്ത്രിയായും നിലനിർത്തി. നിർമ്മല സീതാരാമൻ ധനമന്ത്രിയായും എസ് ജയ്ശങ്കർ വിദേശകാര്യ മന്ത്രിയായും, നിതിൻ ഗഡ്കരി ഗതാഗത മന്ത്രിയായും തുടരും. പീയൂഷ് ഗോയൽ വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ ചുമതല നിലനിർത്തി. ധർമേന്ദ്ര പ്രധാനിന് വീണ്ടും വിദ്യാഭ്യാസ മന്ത്രിയായി നിയോഗിച്ചു.

ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ ആരോഗ്യ-രാസ-വളം മന്ത്രിയാകും. മധ്യപ്രദേശ് മുൻ മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാനെ കൃഷി ഗ്രാമവികസന മന്ത്രിയാക്കി. ഹരിയാന മുൻ മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടറിന് ഭവന, നഗരകാര്യ, വൈദ്യുതി മന്ത്രാലയങ്ങളുടെ ചുമതല നൽകി. കിരൺ റിജിജുവിന് പാർലമെന്ററി കാര്യ മന്ത്രി സ്ഥാനവും അന്നപൂർണാ ദേവിക്ക് വനിതാ ശിശു വികസന വകുപ്പും കൈമാറി. ഗജേന്ദ്രസിങ് ഷെഖാവത്തിന് സാംസ്കാരിക വകുപ്പിന്റെയും വിനോദസഞ്ചാര വകുപ്പിന്റെയും ചുമതല നൽകി.  എൽജെപി നേതാവ് ചിരാഗ് പാസ്വാൻ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രിയാകും. ജ്യോതിരാദിത്യ സിന്ധ്യ കമ്മ്യൂണിക്കേഷൻസ് വകുപ്പ് മന്ത്രിയാകും. ജെഡി (എസ്) നേതാവ് എച്ച്ഡി കുമാരസ്വാമിക്ക് ഘനവ്യവസായ മന്ത്രാലയത്തിന്റെയും സ്റ്റീൽ മന്ത്രാലയത്തിന്റെയും ചുമതല നൽകി. ബിഹാർ മുൻ മുഖ്യമന്ത്രി ജിതൻ റാം മാഞ്ചിയെ എംഎസ്എംഇ മന്ത്രിയാക്കി. സർബാനന്ദ സോനോവാൾ തുറമുഖം, ഷിപ്പിംഗ്, ജലപാത മന്ത്രാലയം എന്നിവയും ജെഡിയുവിന്റെ രാജീവ് രഞ്ജൻ സിംഗ് പഞ്ചായത്തി രാജ് വകുപ്പും പ്രഹ്ലാദ് ജോഷി ഉപഭോക്തൃ കാര്യ വകുപ്പും കൈകാര്യം ചെയ്യും. ഗിരിരാജ് സിംഗിന് ടെക്സ്റ്റൈൽ മന്ത്രിയുടെ ചുമതല നൽകി. ഭൂപേന്ദ്ര യാദവിന് പരിസ്ഥിതി മന്ത്രാലയത്തിന്റെ ചുമതലയാണുള്ളത്. ഹർദീപ് സിങ് പുരി പെട്രോളിയം മന്ത്രിയായും മൻസുഖ് മാണ്ഡവ്യ തൊഴിൽ, കായിക മന്ത്രിയായും പ്രവർത്തിക്കും. അർജുൻ റാം മേഘ്‌വാളിന് സ്വതന്ത്ര ചുമതലയുള്ള നിയമ മന്ത്രാലയത്തിന്റെ ചുമതല നൽകി. ജി കിഷൻ റെഡ്ഡി കൽക്കരി മന്ത്രാലയത്തിന്റെ ചുമതല വഹിക്കും, സിവിൽ ഏവിയേഷൻ വകുപ്പ് ടിഡിപി നേതാവ് റാംമോഹൻ നായിഡുവിന് കൈമാറി.

വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രിയായി തുടരുന്ന എൽ മുരുകന് പാർലമെന്ററി കാര്യ സഹമന്ത്രി സ്ഥാനവും നൽകി. സുരേഷ് ഗോപിക്ക് പെട്രോളിയം, ടൂറിസം വകുപ്പിന്റെ സഹമന്ത്രി ചുമതലയും നൽകി. ന്യൂനപക്ഷ ക്ഷേമം, ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം തുടങ്ങിയ വകുപ്പുകളുടെ സഹമന്ത്രിയാണ് ജോർജ് കുര്യൻ. ജിതേന്ദ്ര സിംഗ് സ്വതന്ത്ര ചുമതലയുള്ള ശാസ്ത്ര സാങ്കേതിക മന്ത്രിയായും ഭൗമ ശാസ്ത്ര മന്ത്രിയായും പ്രവർത്തിക്കും. ആർഎൽഡിയുടെ ജയന്ത് ചൗധരിക്ക് സ്വതന്ത്ര ചുമതലയുള്ള നൈപുണ്യ വികസന മന്ത്രാലയത്തിന്റെ ചുമതലയും വിദ്യാഭ്യാസ സഹമന്ത്രി സ്ഥാനവും നൽകി. അതേസമയം, ജിതിൻ പ്രസാദ വാണിജ്യ, വ്യവസായ, ഇലക്ട്രോണിക്സ്, ഐടി വകുപ്പുകളുടെ സഹമന്ത്രിയാകും. പങ്കജ് ചൗധരി ധനകാര്യ സഹമന്ത്രിയാകും. കൃതിവർധൻ സിംഗ് വിദേശകാര്യ സഹമന്ത്രിയാകും. സഞ്ജയ് സേത്താണ് പ്രതിരോധ സഹമന്ത്രി. നിത്യാനന്ദ് റായിയെ ആഭ്യന്തര സഹമന്ത്രിയായി നിലനിർത്തി.
ന്യൂസ്ഡെസ്ക് ആകാശവാണി.......

==============================

**CABINET- PM AWAS**

പ്രധാൻമന്ത്രി ആവാസ് യോജനയിലൂടെ രാജ്യത്തെ മൂന്ന് കോടി ഭവനങ്ങൾക്ക് നിർമാണ സഹായം നൽകാൻ കേന്ദ്രമന്ത്രിസഭാ യോഗ തീരുമാനം. ഗ്രാമങ്ങളിലും നഗരങ്ങളിലും ഭവനങ്ങൾ നിർമ്മിക്കുന്നതിനാണ് സഹായം നൽകുന്നത്. മൂന്നാം എൻ ഡി എ സർക്കാരിന്റെ ഇന്നലെ ന്യൂഡൽഹിയിൽ ചേർന്ന ആദ്യ മന്ത്രിസഭാ യോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിലായിരുന്നു യോഗം.

അർഹരായ ഗ്രാമീണ-നഗര കുടുംബങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളുള്ള വീടുകൾ നിർമിക്കാൻ സഹായം നൽകുന്നതിനായി 2015-16 മുതലാണ് കേന്ദ്ര സർക്കാർ, പ്രധാൻമന്ത്രി ആവാസ് യോജന നടപ്പാക്കിവരുന്നത്. പിഎംഎവൈ പ്രകാരം, കഴിഞ്ഞ പത്തുവർഷത്തിനിടെ അർഹരായ പാവപ്പെട്ട കുടുംബങ്ങൾക്കായ് മൊത്തം 4.21 വീടുകൾ നിർമ്മിച്ചു. പദ്ധതിക്ക് കീഴിൽ നിർമ്മിക്കുന്ന എല്ലാ വീടുകളിലും ഗാർഹിക ശൗചാലയങ്ങൾ, എൽപിജി കണക്ഷൻ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുമായി സംയോജിപ്പിച്ചു ലഭ്യമാക്കുന്നു.

==============================

**PM ON PMAY**

PMAY- യ്ക്ക് കീഴിൽ മൂന്ന് കോടി ഭവനങ്ങൾ കൂടി നിർമിക്കാനുള്ള തീരുമാനം ഓരോ പൗരനും മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹമാധ്യമമായ എക്സിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. കേന്ദ്ര മന്ത്രിസഭാ തീരുമാനം രാജ്യത്തെ പാർപ്പിട ആവശ്യങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകും. പിഎംഎവൈ-യുടെ വിപുലീകരണം ഏവരെയും ഉൾക്കൊള്ളുന്ന വളർച്ചയ്ക്കും സാമൂഹ്യക്ഷേമത്തിനുമുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധത ഉയർത്തിക്കാട്ടുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

==============================

**TAX DEVOLUTION**

ജൂൺ മാസത്തെ നികുതി ഇനത്തിൽ അധിക ഗഡുവായി ഒരു ലക്ഷത്തി 39,750 കോടി രൂപ സംസ്ഥാനങ്ങൾക്ക് അനുവദിക്കാൻ കേന്ദ്ര ധനമന്ത്രാലയം തീരുമാനിച്ചു. വികസനവും മൂലധന ചെലവും ത്വരിതപ്പെടുത്താൻ ഇത്

സഹായകമാകും. ഉത്തർപ്രദേശിനാണ് ഏറ്റവും കൂടുതൽ തുക വകയിരുത്തിയിരുക്കുന്നത് - 25,000 കോടിയിലധികം രൂപ. കേരളത്തിന് ഈ ഇനത്തിൽ 2,690 കോടിയിലേറെ രൂപ ലഭിക്കും. ഇപ്പോൾ അനുവദിച്ച തുക ഉൾപ്പടെ ഈ മാസം 10 വരെ സംസ്ഥാനങ്ങൾക്ക് അനുവദിച്ച ആകെ തുക 2 ലക്ഷത്തി 79,500 കോടി രൂപയായി. 2024-25 ലെ ഇടക്കാല ബജറ്റിൽ സംസ്ഥാനങ്ങൾക്ക് നികുതി വിഭജനത്തിനായി 12 ലക്ഷത്തി 19,783 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

==============================

**UN-GAZA CEASEFIRE**

ഗസയിൽ സമ്പൂർണ വെടിനിർത്തലിനുള്ള പ്രമേയം യുഎൻ രക്ഷാ സമിതി അംഗീകരിച്ചു. സമ്പൂർണ സൈനിക പിന്മാറ്റവും ഗസയുടെ പുനർനിർമാണവും ആവശ്യപ്പെടുന്നതാണ് പ്രമേയം. സുരക്ഷാ കൗൺസിലിലെ 15 അംഗങ്ങളിൽ 14 പേർ പ്രമേയത്തെ അനുകൂലിച്ചു. റഷ്യ വിട്ടുനിന്നു. ഇസ്രയേലും ഹമാസും എത്രയും വേഗം പ്രമേയത്തിലെ നിർദേശങ്ങൾ നടപ്പാക്കണമെന്നാണ് നിർദേശം. ഇസ്രയേൽ വെടിനിർത്തൽ നിർദേശം അംഗീകരിച്ചതായും ഹമാസും ഈ തീരുമാനം പിൻതുടരണമെന്നും പ്രമേയത്തിൽ പറയുന്നു. ഗസയുടെ സമ്പൂർണ്ണ പുനർനിർമാണം ലക്ഷ്യം വച്ച് മൂന്ന് ഘട്ടങ്ങളിലുള്ള വെടിനിർത്തൽ നിർദേശങ്ങളാണ് പ്രമേയത്തിലുള്ളത്.

==============================

**BRICS JOINT STATEMENT**

ലോകത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന സംഘർഷങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച് ബ്രിക്സ് വിദേശകാര്യ മന്ത്രിമാർ. നയതന്ത്ര ചർച്ചകൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന സംഭാഷണങ്ങൾ, എന്നിവയിലൂടെ തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കാനുള്ള പ്രതിജ്ഞാബദ്ധത

ബ്രിക്സ് ആവർത്തിച്ചു. ഇന്നലെ റഷ്യയിൽ ചേർന്ന ബ്രിക്സ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ പ്രധാന ആഗോള, പ്രാദേശിക പ്രശ്നങ്ങൾ ചർച്ചയായി.അന്താരാഷ്ട്ര മാനുഷിക നിയമത്തെ പൂർണ്ണമായി മാനിക്കേണ്ടതിന്റെ  പ്രധാന്യവും മാനവികത, നിഷ്പക്ഷത, സ്വാതന്ത്ര്യം എന്നിവയുടെ അടിസ്ഥാന തത്വങ്ങൾക്കനുസൃതമായി മാനുഷിക സഹായം നൽകേണ്ടതിന്റെ  ആവശ്യകതയും ബ്രിക്സ് വിദേശകാര്യ മന്ത്രിമാർ സംയുക്ത പ്രസ്താവനയിൽ എടുത്തു പറഞ്ഞു.

==============================

**REV EVE SIKKIM-SWEARING IN**

സിക്കിം മുഖ്യമന്ത്രിയായി എസ് കെ എം നേതാവ് പ്രേം സിങ് തമാങ് സത്യപ്രതിജ്ഞ ചെയ്തു. ഗാങ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ സത്യവാചകം ചൊല്ലിക്കൊടുത്തു. ഇത് രണ്ടാം തവണയാണ് ശ്രീ തമാങ് സിക്കിമിൻറെ മുഖ്യമന്ത്രിയാകുന്നത്. അദ്ദേഹത്തിനൊപ്പം 11 മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

==============================

**ODISHA GOVERNMENT FORMATION**

ഒഡീഷയിൽ ബിജെപി സർക്കാർ നാളെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കും. സംസ്ഥാനത്തിൻറെ പുതിയ മുഖ്യമന്ത്രിയെ തീരുമാനിക്കുന്ന  കാര്യത്തിൽ അനിശ്ചിതത്വം തുടരുകയാണ്. ബിജെപി നിയമസഭാ കക്ഷി യോഗം ഇന്ന് ഭുവനേശ്വറിൽ ചേരും. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ നിരീക്ഷിക്കുന്നതിനായി കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്ങിനെയും, ഭൂപേന്ദ്ര യാദവിനെയും ബിജെപി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമസഭാ കക്ഷി യോഗം ഇന്ന് ഭുവനേശ്വരിൽ ചേർന്നേക്കും.

================================

**ANDHRA SWEARING**

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി ടി.ഡി.പി അധ്യക്ഷൻ എൻ. ചന്ദ്രബാബു നായിഡു നാളെ സത്യപ്രതിജ്ഞ ചെയ്യും. വിജയവാഡയിലെ ഗന്നവാരത്താണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ. നാലാം തവണ മുഖ്യമന്ത്രി സ്ഥാനത്തെത്തുന്ന ചന്ദ്രബാബു നായിഡു ആന്ധ്രാ വിഭജനത്തിന് ശേഷം ഇത് രണ്ടാം തവണയാണ് സംസ്ഥാനത്ത് അധികാരത്തിലെത്തുന്നത്. ആന്ധ്രാ പ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിൽ 164 സീറ്റിൽ വിജയിച്ചാണ് TDP-BJP-JSP സഖ്യം അധികാരം പിടിച്ചത്.

================================

**MALAWI- VP- PLANE MISSING**

കിഴക്കൻ ആഫ്രിക്കൻ രാജ്യമായ മലാവിയുടെ വൈസ് പ്രസിഡന്റ് സഞ്ചരിച്ചിരുന്ന വിമാനം കാണാതായി. ഇന്നലെ തലസ്ഥാനമായ ലിലോങ്വേയിൽ നിന്ന് പുറപ്പെട്ടതിന് ശേഷം മലാവി പ്രതിരോധ സേനയുടെ വിമാനം റഡാറിൽ നിന്ന് മറഞ്ഞതായാണ് വിവരം. വൈസ് പ്രസിഡന്റും ഭാര്യയും എട്ട് പേരുമാണ് വിമാനത്തിലുണ്ടായിരുന്നത്. വിമാനത്തിനായുള്ള തിരച്ചിൽ തുടരുകയാണ്.

================================

**RSS PROGRAM**

ഭരണ - പ്രതിപക്ഷ പാർട്ടികൾക്ക് ആരോഗ്യകരമായ ജനാധിപത്യത്തിൽ തുല്യ പ്രാധാന്യമുണ്ടെന്ന് ആർ എസ് എസ് അധ്യക്ഷൻ മോഹൻ ഭാഗവത്. അഭിപ്രായ സമന്വയത്തോടെയായിരിക്കണം രാഷ്ട്രീയ പാർട്ടികൾ മുന്നോട്ട് പോകേണ്ടതെന്ന് നാഗ്പൂരിലെ കാര്യകർത്ത വികാസ് പരിപാടിയെ അഭിസംബോധന

ചെയ്യവെ അദ്ദേഹം പറഞ്ഞു. നാനാത്വത്തിൽ ഏകത്വം എന്നതാണ് നമ്മുടെ രാജ്യത്തിന്റെ മുഖമുദ്രയെന്നും ശ്രീ മോഹൻ ഭാഗവത് പറഞ്ഞു.

================================

**KERALA ASSEMBLY**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം രണ്ടാം ദിവസമായ ഇന്നും തുടരും. ഇന്നലെ 2024-ലെ കേരള പഞ്ചായത്തീ രാജ് രണ്ടാം ഭേദഗതി ബിൽ, 2024-ലെ കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബിൽ എന്നിവ നിയമസഭ പാസാക്കി. പ്രതിപക്ഷ ബഹളത്തിനിടെയാണ് ബില്ലുകൾ പാസാക്കിയത്.

================================

**ADITYA L1**

ഇന്ത്യയുടെ സൗര ദൗത്യം ആദിത്യ എൽ -1 ഭൗമകാന്തിക കൊടുങ്കാറ്റിനിടെ കഴിഞ്ഞ മാസം പകർത്തിയ സൂര്യന്റെ ചിത്രങ്ങൾ ഐഎസ്ആർഒ പുറത്തു വിട്ടു. ബഹിരാകാശത്തെ ലഗ്രാഞ്ച് പോയിന്റിൽ നിന്ന് Solar UltraViolet Imaging Telescope, Visible Emission Line Coronagraph എന്നീ റിമോട്ട് സെൻസിംഗ് പേലോഡുകളാണ് ചിത്രം പകർത്തിയത്. ഐഎസ്ആർഒ പുറത്തുവിട്ട ചിത്രങ്ങളിൽ സൂര്യന്റെ ഉപരിതലം വ്യക്തമാണ്. അൾട്രാവയലറ്റ് വികിരണം, ദീർഘകാല സൗര വ്യതിയാനങ്ങൾ എന്നിവ പഠിക്കാൻ ഈ ചിത്രങ്ങൾ ഉപകരിക്കുമെന്ന് ഐഎസ്ആർഒ അറിയിച്ചു.

================================

**RAIN KERALA**

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ശക്തമായ കാറ്റിനും വ്യാപക മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്, ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും

വയനാട്, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, കർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

==============================

**T20 WORLD CUP**

ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ബംഗ്ലാദേശിനെ നാല് റണ്ണിന് തോൽപിച്ചു. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 113 റൺ നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ബംഗ്ലാദേശിന് നിശ്ചിത ഓവറിൽ 109 റൺ എടുക്കാനെ കഴിഞ്ഞുള്ളു. ഇന്ന് ന്യൂയോർക്കിൽ നടക്കുന്ന മത്സരത്തിൽ പാകിസ്ഥാൻ കാനഡയെ നേരിടും. കഴിഞ്ഞ രണ്ടു മത്സരങ്ങളിൽ പരാജയപ്പെട്ട പാകിസ്ഥാന് ഇന്നത്തെ മത്സരം നിർണ്ണായകമാണ്.

==============================

**ATHLETICS- NATIONAL RECORD**

അമേരിക്കയിൽ നടക്കുന്ന Portland Track Festival High Performance അത്ലറ്റിക് മീറ്റിൽ ഇന്ത്യൻ താരം ഗുൽവീർ സിംഗിന് വെള്ളി മെഡൽ. പുരുഷൻമാരുടെ 5000 മീറ്റർ ഓട്ടത്തിലാണ് ഗുൽവീർ വെള്ളി നേടിയത്. മെഡൽ നേട്ടത്തോടൊപ്പം പുതിയ ദേശീയ റെക്കോർഡും കുറിച്ചു. ഈ ഇനത്തിൽ യു എസ് താരത്തിനാണ് സ്വർണ്ണം.

==============================

## CBSE- CLARIFICATION

2024-25 അധ്യയന വർഷത്തെ സിലബസ്, പഠന സാമഗ്രികൾ, മാതൃകാ ചോദ്യപേപ്പറുകൾ എന്നിവ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ പരക്കുന്നതിനെതിരെ ജാഗ്രത പാലിക്കണമെന്ന് സിബിഎസ്ഇ. ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വരുന്ന ഇത്തരം സ്ഥിരീകരിക്കാത്ത വിവരങ്ങളിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും വഞ്ചിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്. ചില ഓൺലൈൻ പോർട്ടലുകളും വെബ്സൈറ്റുകളും കാലഹരണപ്പെട്ട ലിങ്കുകളും സ്ഥിരീകരിക്കാത്ത വാർത്തകൾ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും സിബിഎസ്ഇ അറിയിച്ചു. ആധികാരിക വിവരങ്ങൾക്ക് ഔദ്യോഗിക വെബ്സൈറ്റ് പരിശോധിക്കണമെന്നും സിബിഎസ്ഇ നിർദ്ദേശിച്ചു.

================================

## BRICS-NEW MEMBERS

ഈജിപ്റ്റ്, ഇറാൻ, യു.എ.ഇ, സൗദി അറേബ്യ, എത്യോപ്യ എന്നീ രാജ്യങ്ങളുടെ ബ്രിക്സ് പ്രാതിനിധ്യത്തെ ഇന്ത്യ സ്വാഗതം ചെയ്തു. റഷ്യ ആതിഥേയത്വം വഹിച്ച സുപ്രധാന യോഗത്തിൽ ഈ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. 2023-ൽ ഈജിപ്റ്റ്, ഇറാൻ, യുഎഇ, സൗദി അറേബ്യ, എത്യോപ്യ എന്നിവരെ ഉൾപ്പെടുത്തിയ ബ്രിക്സ് വിപുലീകരണത്തിന് ശേഷമുള്ള ആദ്യ മന്ത്രിതല യോഗമാണ് ഇന്നലെ നടന്നത്. വിദേശകാര്യമന്ത്രി എസ്.ജയശങ്കറിന്റെ അഭാവത്തിൽ വിദേശകാര്യ മന്ത്രാലയ സെക്രട്ടറി ദമ്മു രവിയാണ് ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്.

==============================

**KAWACH - TRIAL RUN**

സംസ്ഥാനത്ത് കവചം മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന് നടക്കും. 85 സൈറണുകളുടെ പ്രവർത്തന പരീക്ഷണമാണ് സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്നത്. സൈറൺ മുഴങ്ങുന്നതിൽ ജനങ്ങൾ പരിഭ്രാന്തരാകരുതെന്ന് അധികൃതർ അറിയിച്ചു.

======

==================

==============================